**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2152**

**19.06.2012 - ൽ മറുപടിയ്ക്ക്**

പഴയന്നൂർ വ്യവസായ പാർക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | : | (എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ പാർക്കുകളിലെ ഭൂമി പ്ലോട്ടുകളായി തിരിച്ച് വളരെ കുറഞ്ഞ നിരക്കിൽ അർഹരായ വ്യവസായികൾക്ക് നൽകുന്നു. വ്യവസായികൾ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉയർന്ന തൊഴിലവസരങ്ങൾ, ഉൽപ്പാദന മികവ്, വൈദ്യുതി ഉപഭോഗത്തിന്റെ കുറവ് എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് പ്ലോട്ടുകൾ അനുവദിക്കുന്നത്. |
| (ബി) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിലെ വ്യവസായ സംരംഭകർക്ക് സിഡ്കോയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വ്യവസായ പ്രോത്സാഹന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | : | (ബി) ചേലക്കര വ്യവസായ പാർക്കിൽ വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജല ലഭ്യത എന്നിവ സിഡ്കോ ഒരുക്കിയിട്ടുണ്ട്. കൂടാതെ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തനവും പുരോഗമിച്ചു വരുന്നു. അടിസ്ഥാന സൗകര്യങ്ങളിലൊന്നായ മെയിൻ റോഡിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കിക്കഴിഞ്ഞു. |
| (സി) ചെറുകിട വ്യാവസായികാവശ്യത്തിനുവേണ്ടി ഈ വ്യവസായ പാർക്കിൽ പ്ലോട്ടുകൾ വാങ്ങിയിട്ടുള്ളവർക്ക് സമയബന്ധിതമായി വ്യവസായങ്ങൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | : | ചെറുകിട വ്യാവസായികാവശ്യത്തിനുവേണ്ടി പ്ലോട്ടുകൾ വാങ്ങിയിട്ടുള്ളവർക്ക് സമയബന്ധിതമായി വ്യവസായങ്ങൾ ആരംഭിക്കുവാനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ